# 39

# ആദരവിൽ നിന്നും അപമാനത്തിലേക്ക്

## (14:6- 20)

തന്റെ ആദ്യത്തെ പ്രസംഗത്തെ ആളുകൾ എങ്ങനെ സ്വീകരിച്ചു എന്ന് ഒരു ഉപദേഷ്ടാവായ സ്നേഹിതൻ പറയുകയുണ്ടായി: "ആദ്യത്തെ വർഷം, അവർ എന്നെ പൂജിച്ചു. രണ്ടാം വർഷം, അവർ എന്നെ വ്യസനിപ്പിച്ചു. മൂന്നാം വർഷം, അവർ പൊടിച്ചു." കുറച്ചു വർഷങ്ങൾക്കുള്ളിൽ പൂജിക്കലിൽ നിന്നു പൊടിക്കയിലേക്ക് അയാൾ നീങ്ങി, എന്നാൽ പൗലൊസ് പൂജിക്കലിൽ നിന്നും പൊടിയാകുന്നതിലേക്ക് മണിക്കൂറുകൾ കൊണ്ട് നീങ്ങി!

പൌലൊസിന്റെ ആദ്യത്തെ മിഷണറി യാത്രയുടെ മദ്ധ്യത്തിൽ വിവരിക്കുന്ന പ്രവൃത്തികൾ 14-ാം അദ്ധ്യായത്തിലാണ്. നാം ഗലാത്യദേശങ്ങളിൽ പൌലൊസും ബർന്നബാസും അവിടെ സുവിശേഷം അറിയിച്ചുകൊണ്ടിരുന്നു. നമ്മുടെ കഴിഞ്ഞ പാഠത്തിന്റെ അവസാനഭാഗത്ത് 13:42–14:7 വരെയുള്ള ഭാഗത്ത് ഇക്കോന്യയിലെ യെഹൂദന്മാരും അധികാരികളും പൌലൊസിനേയും ബർന്നബാസിനേയുംപിടിക്കാൻ ആലോചനയിട്ടു. ഇതു മിഷണറിമാർ അറിഞ്ഞിട്ട്, അവർ "ലുക്കൊവോന്യാ, ലുസ്ത്ര, ദെർബ്ബ, ചുറ്റുമുള്ള ദേശങ്ങളിലേക്ക് ഓടിപ്പോയി" (വാക്യം 6). ഗലാത്യദേശത്തിനു മൂന്നു ഉപജില്ലകൾ ഉണ്ട്: പംഫുല്യ, പിസിദ്യ്യാ, ലുക്കവൊന്യ. ഗലാത്യയിൽ മുൻപ് പൗലൊസും ബർന്നബാസും പ്രസംഗിച്ച രണ്ടു സ്ഥലങ്ങളിൽ പിസിദ്യ[1] തിരിച്ചറിഞ്ഞിരുന്നു. ഇപ്പോൾ അവർ ലുക്കൊവോന്യ ജില്ലയുടെ തെക്കു ഭാഗത്തേക്കു സഞ്ചരിച്ചു. "ലുക്കൊവോന്യ" കഠിനമായി തർജ്ജിമ ചെയ്യുകയാണെങ്കിൽ "ചെന്നായ്ക്കളുടെ രാജ്യം" എന്നായിരിക്കും. രണ്ടു മിഷണറിക്കാർ സംസ്ക്കാരത്തിൽ നിന്നും അകന്നു സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

പൌലൊസും ബർന്നബാസും ആദ്യം ലുസ്ത്രക്ക് പോയി,[2] അത് സ്ഥിതി ചെയ്തിരുന്നത് പതിനെട്ടോ അല്ലെങ്കിൽ ഇരുപതോ മൈൽ തെക്ക് - തെക്ക് പടിഞ്ഞാറായിട്ടായിരുന്നു. ലുസ്ത്ര ഒരു അപ്രധാന ഗ്രാമം പ്രാദേശികരോട് എതിർത്തു നില്ക്കാൻ, റോമൻ കോളനിയായി, യുദ്ധം ഇഷ്ടപ്പെടുന്ന ഗോത്രമായി.

ഒരു മിഷണറി എന്ന നിലയിൽ പൌലൊസിന്റെ വേലയിൽ ഉണ്ടായ അനുഭവങ്ങളിൽ ഏറ്റവും മുറിവുണ്ടാക്കിയ അനുഭവം ലുസ്ത്രയിൽ വെച്ചുണ്ടായയാണ്. പൌലൊസ് തിമൊഥെയൊസിനു എഴുതിയപ്പോൾ (ലുസ്ത്രക്കാരൻ[3]), അവൻ എഴുതി, "അന്ത്യോക്യയിലും, ഇക്കോന്യയിലും ലുസ്ത്രയിലും എനിക്കുണ്ടായ ഉപദ്രവങ്ങളും, കഷ്ടങ്ങളും" (2 തിമൊഥെയൊസ് 3:11). കൊരിന്ത്യർക്കു അവൻ എഴുതിയപ്പോൾ, പറഞ്ഞു ഒരിക്കൽ അവൻ കല്ലേറുകൊണ്ടു (2 കൊരിന്ത്യർ 11:23–26); അത് ലുസ്ത്രയിൽ വെച്ചു മാത്രം. പിന്നീട്, പൗലൊസ് ഗലാത്യർക്ക് ലേഖനം എഴുതിയപ്പോൾ പറഞ്ഞു, "... ഞാൻ യേശുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു" (ഗലാത്യർ 6:17) ആ "ചൂടടയാളങ്ങളിൽ" ചിലതു ലൂസ്ത്രയിൽ വെച്ച് മൂർച്ചയുള്ള കല്ലുകളേറ്റ പാടുകൾ ആണ്.

ഈ പാഠത്തിൽ, പൌലൊസ് എങ്ങനെ പൂജിക്കപ്പെട്ട അവസ്ഥയിൽ നിന്നും, എങ്ങനെ പൊടിഞ്ഞ അവസ്ഥയിലെത്തി എന്നും, അവൻ എങ്ങനെ അതിനെ കൈകാര്യം ചെയ്തു എന്നും നാം പഠിക്കും. ഈ പ്രസിദ്ധീകരണം ഞാൻ തയ്യാറാക്കിയപ്പോൾ, ഒരു സമാനത കണ്ടെത്താൻ ഞാൻ വളരെ പാടുപെട്ടു, പൌലൊസ് ലുസ്ത്രയിൽ അനുഭവിച്ച അതിക്രമം അനുഭവിച്ചവർ നമ്മിൽ വളരെ കുറച്ചുപേർ മാത്രമാണ്. അനേക വൈപരീത്യം മനസിലേക്കു വന്നു: വിജയവും പരാജയവും, ജയവും തോല്‌വിയും, സ്വീകരിക്കലും തിരസ്ക്കരിക്കലും എന്നിവയാണ് അവ. അവസാനം ഞാൻ തീരുമാനിച്ചുറപ്പിച്ച പദങ്ങളാണ് "പൂജിക്കലും അപമാനിക്കലും" – തികവുള്ള സമാനതയല്ല, എന്നാൽ ഒരു പക്ഷേ നമ്മുടെ ജീവിതത്തിൽ അത്യന്തമായ അനുഭവങ്ങൾ വരുമ്പോൾ പ്രയാഗികതയോടു അടുത്തു നില്ക്കുന്നവയാണ്.

### നേട്ടം (14:6, 7)

സുവിശേഷം പ്രസംഗിച്ചതുകൊണ്ട് പൌലൊസിനും ബർന്നബാസിനും അന്ത്യോക്യയിൽ നിന്നും ഓടേണ്ടിവന്നു. ഇക്കോന്യയിൽ നിന്നു അവർ കഷ്ടിച്ചു രക്ഷപ്പെട്ടു. ഇതു അവരെ ദൈവം – നല്കിയ പ്രവൃത്തിയിൽ നിന്നു പിന്തിരിപ്പിച്ചില്ല. അവർ ലുസ്ത്രയിൽ എത്തിയപ്പോൾ (വാക്യം 6), "അവർ അവിടെ സുവിശേഷം അറിയിച്ചു പോന്നു" (വാക്യം 7).

ലുസ്ത്രയിൽ ഒരു പള്ളിയുണ്ടായിരുന്നതായി നാം വായിക്കുന്നില്ല, കുറെ യെഹൂദന്മാർ അവിടെ ജീവിച്ചിരുന്നു (16:1; 2 തിമൊഥെയൊസ് 1:5), എന്നാൽ ഒരു പള്ളി സ്ഥാപിക്കാൻ വേണ്ടത്ര ഉണ്ടായിരുന്നില്ല.[4] പൌലൊസിനും ബർന്നബാസിനും പള്ളിയിൽ ആദ്യംപോകാൻ കഴിയാതിരുന്നതുകൊണ്ട് (അവരുടെ ആചാരം അതായിരുന്നു), അവർ തുറന്ന സ്ഥലത്തു പരസ്യമായി പ്രസംഗിച്ചു. അതൊരുപക്ഷേ പട്ടണവാതിലികത്തുള്ള വിശാലമായ സ്ഥലം ആയിരിക്കാം (മിക്കവാറും എല്ലാ ടൗണുകളിലും ഇത്തരം സ്ഥലങ്ങൾ ഉണ്ടായിരുന്നു).

അവർ രണ്ടുപേരും യേശുവിനെ പ്രസംഗിച്ചപ്പോൾ, ദൈവം അവരുടെ പരിശ്രമങ്ങളെ അനുഗ്രഹിച്ചു (14:20) – പിന്നീട്, അവർ അവിടെ

കർത്താവിന്റെ സഭ ആരംഭിച്ചു (14:21, 23).

ലുസ്ത്രയിലെ ജനക്കൂട്ടം എങ്ങനെ പൗലൊസിനെയും ബർന്നബാസിനെയും ആദ്യം പൂജിക്കുകയും പിന്നെ അവരെ കൊല്ലുവാനും ശ്രമിക്കുന്നു എന്ന് നാം ഉടനെ കാണാനിരിക്കകൊണ്ട്, ഈ വസ്തുതകൾ നാം സ്ഥിരീകരിക്കണം: ലോകം ഒരു മനുഷ്യനെ എങ്ങനെവിധിച്ചാലും, അയാൾ ദേവേഷ്ടം ചെയ്യുകയാണെങ്കിൽ, അവൻ ഒരു വിജയി തന്നെ! മറിച്ച്, ലോകം ഒരു മനുഷ്യനെ ആദരിച്ചാലും, അവന്റെ ഹൃദയം ദൈവത്തിൽ കേന്ദ്രീകരിച്ചില്ലെങ്കിൽ, അയാൾ ഒരു ഹീന പരാജിതൻ തന്നെ. എന്തുതന്നെ സംഭവിച്ചാലും പൗലൊസും, ബർന്നബാസും ദൈവം - അവർക്കു നൽകിയ ശുശ്രൂഷ ചെയ്തു നേട്ടം കൈവരിക്കാൻ തന്നെ തീരുമാനിച്ചു!

### പൂജിക്കൽ (14:8-18)

ലുസ്ത്രയിൽ ഒരു ദിവസം, പൗലൊസ് യേശുവിനെക്കുറിച്ചു പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ, "ഒരു മനുഷ്യൻ ... പൗലൊസ് സംസാരിക്കുന്നതു കേട്ടു"[5] (വാക്യങ്ങൾ 8, 9). ആ മനുഷ്യനെ ഡോ.ലൂക്കൊസ് വരച്ചുവിവരിക്കയാണ് "അമ്മയുടെ ഗർഭം മുതൽ മുടന്തനായി, ഒരിക്കലും നടന്നിട്ടില്ലാതെയും, കാലിന്നു ശക്തിയില്ലാതെയും'' എന്ന് (വാക്യം 8).[6] 3-ാം അദ്ധ്യായത്തിൽ പത്രൊസ് ഒരു മുടന്തനെ സൗഖ്യമാക്കിയതു നാം ഓർക്കുന്നു.[7] ലുസ്ത്രയിലെ ഈ മുടന്തൻ യാചകനായിരുന്നോ എന്നു നമ്മോട് പറഞ്ഞിട്ടില്ല; ഒരു പക്ഷേ ആയിരുന്നേക്കാം.

ആ മനുഷ്യൻ ശ്രദ്ധയോടെ കേട്ടിരുന്നതു പൗലൊസ് ശ്രദ്ധിച്ചു. പൗലൊസ് തിരിഞ്ഞ് "അവനെ ഉറ്റു നോക്കി" "അവന്നു സൗഖ്യമാകാൻ മനസ്സുണ്ട് എന്നു കണ്ടു"[8] (വാക്യം 9). പ്രവൃത്തികൾ മൂന്നാം അദ്ധ്യായത്തിലേ മുടന്തനും ഈ മുടന്തനും തമ്മിലുള്ള പ്രകടമായ വ്യത്യാസം ഇതാണ്. പ്രവൃത്തികൾ 3-ാം അദ്ധ്യായത്തിലെ മുടന്തനു സൗഖ്യമാകുന്നതിനു മുൻപു യേശുവിൽ വിശ്വാസം ഉണ്ടായിരുന്നു എന്നു യാതൊരു സൂചനയുമില്ല (ഉണ്ടായിരുന്നില്ല എന്നാണ് എല്ലാ സൂചനയും[9]), എന്നാൽ ഈ മുടന്തനു "സൗഖ്യമാകുവാൻ വിശ്വാസമുണ്ടായിരുന്നു." അത്ഭുതവുമായുള്ള ബന്ധത്തിൽ ഉപഭോക്താവിന്റെ ഭാഗത്തുനിന്നു വിശ്വാസം ഉള്ളതായി പറയുന്നുണ്ട്, ചിലപ്പോൾ അങ്ങനെ അല്ലതാനും. അത്ഭുതം ചെയ്യുന്ന ആൾക്ക് എപ്പോഴും വിശ്വാസം ഉണ്ടാകേണ്ടതായിരുന്നു (മത്തായി 17:19, 20; മർക്കൊസ് 16:14, 17); അത്ഭുതം ലഭിച്ചയാൾക്ക് ഇല്ലാതിരുന്നു. ജെ.ഡബ്ലിയു.മെക്ഗാർവേ ശരിയായി പറഞ്ഞു, ''അവനെ സൗഖ്യമാക്കുവാൻ പൗലൊസിനെ *പ്രാപ്തമാക്കിയതു* അവനുണ്ടായിരുന്ന വിശ്വാസമാണെന്നതിനു തിരുവെഴുത്ത് അനുകൂലിക്കുന്നില്ല."[10]

ആ മനുഷ്യനു വിശ്വാസം എവിടെ നിന്നു കിട്ടി? നമുക്കെല്ലാം എവിടെ നിന്നാണോ കിട്ടുന്നത് അവിടെ നിന്ന്: ദൈവത്തിന്റെ വചനത്തിൽ നിന്നും (14:9; റോമർ 10:17). ഒരു പക്ഷെ പൗലൊസ് പ്രസംഗിച്ചപ്പോൾ, യേശു ചെയ്ത അത്ഭുതത്തെ പറഞ്ഞുകാണും (10:38). ഒരു പക്ഷേ പൗലൊസ് അവനോട് യേശുവാണ് നിന്നെ സൗഖ്യമാക്കുന്നത് എന്നു പറഞ്ഞുകാണും (14:3).

മുടന്തനായ മനുഷ്യന്റെ വിശ്വാസം എന്ന വിഷയത്തെ നാം വിട്ടുകളയുന്നതിനു മുൻപ്, നാം "അവന്നു *രക്ഷിക്ക*പ്പെടുവാൻ വിശ്വാസം ഉണ്ട്" എന്നു കണ്ടിട്ട്, "രക്ഷയാണ്" ഇവിടെ അർത്ഥം എന്നാണ്; പല തർജ്ജിമക്കാരും വിചാരിക്കുന്നത്. അതുകൊണ്ട്, അവർ "രക്ഷിക്കപ്പെടുവാൻ" എന്ന വാക്ക് "സൗഖ്യമാകുവാൻ" എന്നു തർജ്ജിമ ചെയ്തു. എങ്ങനെയായാലും, പൗലൊസ് അവന്നു, *ആത്മീയമായി* – സൗഖ്യമാകുവാനും യേശുവിൽ വിശ്വാസം ഉണ്ടായിയെന്ന് കാണുന്നു. അവന്റെ യേശുവിലുള്ള വിശ്വാസം കണ്ടിട്ട് – അവനെ സൗഖ്യമാക്കി. യേശുവിനു ശരീരത്തെയും ആത്മാവിനെയും സൗഖ്യമാക്കുവാൻ കഴിയും എന്നു കാണിച്ചു.[11]

പൗലൊസിനാൽ നടന്ന ആദ്യത്തെ *രേഖപ്പെടുത്തിയ* ആദ്യ അത്ഭുതം ഇതായിരുന്നു, പക്ഷേ തീർച്ചയായും അതു അവന്റെ ആദ്യ അത്ഭുതം ആയിരിക്കയില്ല. അവൻ ഒരു അപ്പൊസ്തലനായിരുന്നതുകൊണ്ട് "യഥാർത്ഥ അപ്പൊസ്തലന്റെ അടയാളങ്ങൾ" ചെയ്യുവാൻ അവനു കഴിഞ്ഞിരുന്നു (2 കൊരിന്ത്യർ 12:12). ഒരു ആഭിചാരക്കാരനെ അവൻ ശപിക്കുന്നതായി നാം കണ്ടു (13:11). ഇക്കോന്യയിൽ, കർത്താവ് "തന്റെ കൃപയുടെ വചനത്തിനു സാക്ഷി നിന്നു, പൗലൊസിന്റേയും ബർന്നബാസിന്റെയും കയ്യാ[ൽ] അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുവാൻ വരം നല്കി" (14:3). അതുകൊണ്ടു, പൗലൊസ് ഈ സാഹചര്യത്തെ അനുഭവസമ്പത്തുള്ളവനെ പോലെയാണ് സമീപിച്ചത്. ജനക്കൂട്ടത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റുവാൻ അവൻ "ഉച്ചസ്വരത്തിലാണ്" സംസാരിച്ചത് (വാക്യം 10). അവൻ അതിന്റെ ഉദ്ദിഷ്ടഫലമായ സന്ദേശം ഉറപ്പിക്കുന്നു എന്നതു തീർച്ചയാക്കി.

പൗലൊസ് മുടന്തനായ മനുഷ്യനോട് പറഞ്ഞു, "നീ എഴുന്നേറ്റു കാലൂന്നി നിവർന്നു നില്ക്ക" (വാക്യം 10). പത്രൊസ്, "നസറായനായ യേശുവിന്റെ നാമത്തിൽ – നടക്ക!" എന്നു യാചകനോട് പറഞ്ഞിട്ട് ആ വിശ്വാസമില്ലാത്ത മനുഷ്യന്റെ വലത്തു കൈക്കു പിടിച്ചു അവനെ എഴുന്നേല്പിച്ചു (3:6, 7). പൗലൊസിന്നു ലുസ്ത്രയിലെ വിശ്വാസം നിറഞ്ഞ ഈ മനുഷ്യനെ തൊടേണ്ടിവന്നില്ല. ഉടനെ, അവൻ "കുതിച്ചെഴുന്നേറ്റു നടന്നു" (14:10)!

പൗലൊസ് ചെയ്ത അത്ഭുതത്താൽ അവനും ബർന്നബാസും ദൈവത്തിന്റെ *സന്ദേശവാഹകരായിരുന്നു* എന്ന് ആളുകളെ ബോധ്യപ്പെടുത്തി. "പൗലൊസ് ചെയ്തതു പുരുഷാരം കണ്ടിട്ട്" (വാക്യം 11), "അവർ ആവേശഭരിതരായി, അവരുടെ സ്വന്തഭാഷകളിൽ നിലവിളിച്ചു. 'ദേവന്മാർ മനുഷ്യരൂപത്തിൽ നമ്മുടെ അടുക്കൽ ഇറങ്ങി വന്നിരിക്കുന്നു' എന്നു ലുക്കവോന്യ ഭാഷയിൽ നിലവിളിച്ചു പറഞ്ഞു. ബർന്നബാസിനെ, ഇന്ദ്രൻ എന്നും"[12] (വാക്യങ്ങൾ 11, 12) ഗ്രീക്ക് ഇതിഹാസത്തിൽ ഇന്ദ്രൻ എന്നാൽ, സിയൂസ് എന്ന മുഖ്യദേവൻ ആയിരുന്നു. ബർന്നബാസിനെ അവർ മുഖ്യദേവൻ എന്നു വിളിക്കാൻ കാരണം പൗലൊസിനേക്കാൾ കാഴ്ചയിൽ എടുത്തുകാണിക്കുന്നതുകൊണ്ടാവാം എന്നു പറയുന്നുണ്ട് (2 കൊരിന്ത്യർ 10:10). "പൗലൊസിനെ മുഖ്യപ്രസംഗിയാകയാൽ അവർ ബുധൻ[13], എന്നും വിളിച്ചു" (വാക്യം 12). ഗ്രീക്ക് ഇതിഹാസത്തിൽ, ബുധൻ ദേവന്മാരുടെ[14] സന്ദേശവാഹകനായിരുന്നു. പൗലൊസ് –

ചെറിയ,[15] ഊർജ്ജം പൊട്ടിപ്പുറപ്പെടുന്ന, ഒരു മതിവരാത്ത പ്രാസാംഗികൻ – അവരുടെ കാഴ്ച്ചപ്പാടിൽ ഒലിവുമലയിൽ നിന്നു ധ്രുതഗതിയിൽ വന്ന സന്ദേശവാഹകർ.

ലുസ്ത്രയിലെ ആളുകൾ ഈ വിസ്മയാവഹതീർപ്പിലേക്കു എടുത്തു ചാടുവാനുള്ള കാരണം മനസിലാക്കുവാൻ ആ പ്രദേശത്തെ നാം അറിയേണ്ടതുണ്ട്. മുൻപു പറഞ്ഞതുപോലെ, സുവിശേഷകന്മാർ രണ്ടുപേരും ബന്ധപ്പെട്ടത് ലൗകികജ്ഞാനമുള്ള ഒരു ജനമായിരുന്നില്ല. ലുസ്ത്രയിൽ അവർ അഭിമുഖീകരിച്ചത്, വിദ്യാരഹിതരും, അന്ധവിശ്വാസമുള്ളവരുമായ ആളുകൾ ആയിരുന്നു.[16] ഒരു പുരാണ ഇതിഹാസത്തെ കേന്ദ്രീകരിച്ചായിരുന്നു ലുസ്ത്രയിലെ ഒരു ഉറച്ചവിശ്വാസം.

> വേഷപ്രച്ഛന്നരായ മനുഷ്യരായി ജൂപ്പിറ്ററും (ഇന്ദ്രൻ) മെർക്കുറിയും (ബുധൻ) ഫ്രുഗു ഗ്രാമം സന്ദർശിക്കുന്നു എന്ന് ഇതിഹാസം വിവരിക്കുന്നു (ലുസ്ത്ര ഫ്രംഗ്ലുല്യയിലായിരുന്നു[17]). അതിഥി സൽക്കാരം ആഗ്രഹിച്ച അവരെ, ആയിരക്കണക്കിനു ആളുകൾ അവരെ തള്ളിക്കളഞ്ഞപ്പോൾ, അവസാനം ദരിദ്രരായ ദമ്പതിമാരായ ബൗസിസും ദേവന്മാർ ഫിലെമൊനും, മനുഷ്യവേഷത്തിൽ വന്നവരാണെന്ന് അറിയാതെയാണ്; അവർ അറിയാതെ ഈ ദേവന്മാരെ സൽക്കരിച്ചതുകൊണ്ട്, അവർക്ക് പ്രതിഫലം കൊടുക്കയും മറ്റെല്ലാവരേയും [ഒരു ജലപ്രളയത്താൽ] നശിപ്പിക്കയും ചെയ്തു.[18]

ലുസ്ത്രയിലുള്ള ആളുകൾ അതേ തെറ്റ് വീണ്ടും ആവർത്തിക്കരുതെന്നു തീരുമാനിച്ചു! ഈ പ്രാവശ്യം അവർ ആ രണ്ടു ദേവന്മാരേയും ആവേശത്തോടും ആഘോഷത്തോടും അവരർഹരായതെന്നപോലെ സ്വീകരിച്ചു!

അവർ പ്രത്യേകിച്ചു ആവേശമുള്ളവരാകാൻ കാരണം ലുസ്ത്രയുടെ രക്ഷാധികാരിയായ ദേവനായിരുന്നു ഇന്ദ്രൻ. ഈ ആഘോഷസമയത്ത്,[19] പ്രാദേശിക പുരോഹിതൻ യോജിച്ച ഒരു യാഗവും നടത്താൻ പോയി. പിന്നെ, "പട്ടണത്തിന്റെ മുമ്പിലുള്ള ഇന്ദ്രക്ഷേത്രത്തിലെ പുരോഹിതൻ കാളകളെയും പൂമാലകളെയും ഗോപുരത്തിങ്കൽ[20] കൊണ്ടു വന്നു, പുരുഷാരത്തോടുകൂടെ യാഗം കഴിപ്പാൻ ഭാവിച്ചു" (വാക്യം 13). അലങ്കരിച്ച കാളകളെയാണ് യാഗം കഴിപ്പാൻ കൊണ്ടുവന്നത്: കാളയുടെ കൊമ്പുകൾ മിനുക്കി കഴുത്തിൽ[21] പൂമാലകളുമായാണ്.[22] അവർ യാഗം കഴിപ്പിച്ചപ്പോൾ ഒഴുകിയ രക്തം യാഗപീഠത്തിലൊഴിച്ചു. പിന്നെ വിഗ്രഹത്തിനുമുൻപിൽ വെച്ച ഭക്ഷണം പാചകം ചെയ്തു ഭക്ഷിച്ചു. ആളുകൾ, പൗലൊസിനെയും ബർന്നബാസിനെയും ആദരിക്കുവാൻ വലിയൊരു വിരുന്നിനു പദ്ധതിയിട്ടു!

പൗലൊസിനും ബർന്നബാസിനും പകരം നിങ്ങളും ഞാനും ആയിരുന്നു ആ സ്ഥാനത്തെങ്കിലൊ? അവരുടെ ഈ ആദരവു സ്വീകരിക്കുവാൻ നാം പരീക്ഷിക്കപ്പെടുകയില്ല. അന്ധവിശ്വാസികളാൽ നല്കപ്പെടുന്ന "ദേവൻ" എന്ന നാമം സന്തോഷത്തോടെ സ്വീകരിച്ചിരുന്ന ആളുകളെക്കൊണ്ട് നിറഞ്ഞതാണ് നമ്മുടെ ചരിത്രം.[23] മിഷണറിമാർക്കു

യുക്തിപരമായി നീങ്ങാമായിരുന്നു, "നാം അവരുടെ ആദരവ് സ്വീകി ച്ചാൽ അവർ സുവിശേഷത്തോടു കൂടുതൽ നന്നായി പ്രതികരിക്കും." അവർക്കു ഇങ്ങനെയും ചിന്തിക്കാമായിരുന്നു, "നാം അവരുടെ സൽക്കാരം സ്വീകരിച്ചി*ല്ലെങ്കിൽ*, അവർക്കു ദേഷ്യം വരികയും അവരെ ക്രിസ്തുവിലേക്കു നേടുവാനുള്ള അവസരം നഷ്ടപ്പെടുകയും ചെയ്യും."

ആ രണ്ടു പുരുഷന്മാർ ആ പൂജ സ്വീകരിക്കാൻ ഒഴികഴിവ് കണ്ടെ ത്തിയില്ല. മറിച്ചു, "അപ്പൊസ്തലന്മാരായ,[24] ബർന്നബാസും പൗലൊസും,[25] ഇതു കേട്ടിട്ട്, വസ്ത്രം കീറിക്കൊണ്ടു പുരുഷാരത്തിന്റെ ഇടയിലേക്കു ഓടിച്ചെന്നു, നിലവിളിച്ചു പറഞ്ഞതു" (വാക്യം 14). പൗലൊസും ബർന്ന ബാസും അതെങ്ങനെ "കേട്ടു" എന്നു ലൂക്കൊസ് പറഞ്ഞില്ല. പുരോഹി തൻ കാളകളെയും പൂമാലകളെയും കൊണ്ടുവരുന്നതുവരെ ലൂക്കൊ വാന്യ ഭാഷ[26] അവർക്കു വശമില്ലാത്തതിനാൽ ഒരു പക്ഷേ അതുവരെ അവരുടെ പദ്ധതി പൗലൊസിനും ബർന്നബാസിനും മനസിലായി കാണു കയില്ല. ഒരു പക്ഷേ അത്ഭുതം നടത്തിയശേഷം അവർ അവിടം വിട്ടു പോയിരിക്കാം. പിന്നെ ജനക്കൂട്ടം അവരെ കണ്ടെത്തി, യാഗം കഴിക്കാൻ[27] ഒരുങ്ങിയതാകാം.

എങ്ങനെയായാലും ഉപദേഷ്ടാക്കന്മാർ അതറിഞ്ഞു, അവർ ഭയപ്പെ ടുകയും "വസ്ത്രം കീറുകയും" ചെയ്തു. വസ്ത്രം കീറൽ ഒരു പുരാത നയെഹൂദ ദുഃഖത്തിന്റേയും അന്ധാളിപ്പിന്റേയും പ്രകടനമായിരുന്നു.[28] കൈകൾ വസ്ത്രത്തിന്റെ കഴുത്തിൽ പിടിച്ചു വലിച്ച്, എതിർ ദിശയി ലേക്ക് വലിച്ച് കീറി നെഞ്ചു തുറന്നുകാണിക്കും. ഈ പ്രവൃത്തി അട യാളപ്പെടുത്തുന്നത് ഹൃദയത്തിന്റെ ശക്തമായ വികാരമാണ്. മെക്ഗാർവേ പറഞ്ഞു:

> പെട്ടെന്ന് അക്രമസക്തമായി, എതിർപ്പു ഒരാളുടെ വസ്ത്രം കീറിയ മനോഭാവത്തിൽ കാണിക്കുമ്പോൾ, ... ഇവിടെ കാണുന്ന ത് ... ബൈബിളിൽ അവസാനമായിട്ടാണ്. ക്രിസ്ത്യൻ വിശ്വാസത്തെ [ഉപദേശത്തെ] സ്വയാവകാശവും ഇന്നു പിന്നീട് യെഹൂദ്യക്രിസ്ത്യാ നികളുടെ ആചാരത്തിൽ നിന്നു ആവശ്യമാകയും ചെയ്തു.[29]

ബർന്നബാസും പൗലൊസും വസ്ത്രം കീറിക്കൊണ്ട് പുരുഷാരത്തി നിടയിലേക്കു ഓടിച്ചെന്നു, നിലവിളിച്ചു:

> ... പുരുഷന്മാരേ നിങ്ങൾ ഈ ചെയ്യുന്നത് എന്ത്? ഞങ്ങൾ നിങ്ങ ളോട് സമസ്വഭാവമുള്ള മനുഷ്യർ[30] അതേ; നിങ്ങൾ[31] ഈ വ്യർത്ഥ കാര്യങ്ങളെ[32] [അതായത്, വിഗ്രഹങ്ങൾ[33]] വിട്ട്, ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും[34] ഉണ്ടാക്കിയ ജീവ നുള്ള ദൈവത്തിങ്കലേക്കു[35] തിരിയേണം, എന്നുള്ള സുവിശേഷം ഞങ്ങൾ നിങ്ങളോട് അറിയിക്കുന്നു (വാക്യം 15).

അവരുടെ നിലവിളി പുരുഷാരത്തെ തടയുന്നതിനായിരുന്നു. ഫലത്തിൽ, അവർ പറഞ്ഞു, "ഞങ്ങൾ വന്നതു നിങ്ങളുടെ ദേവന്മാരേപോലെ

ആരാധിക്കപ്പെടുന്നതില്ല, നിങ്ങളെ അത്തരം ദേവന്മാരിൽ *നിന്നും* – തെറ്റായ നിർജ്ജീവമായവയിൽ നിന്നു ജീവനുള്ള ദൈവത്തിലേക്കു തിരിക്കുന്നതിനാണ്!"

വിഗ്രഹാരാധികളായ സദസ്യരോടുള്ള "പൗലൊസിന്റെ രേഖപ്പെടുത്തിയ ആദ്യ പ്രസംഗമായി അറിയപ്പെടുന്നതാണ് വാക്യം 15 മുതൽ 17 വരെയുള്ള ഭാഗങ്ങൾ." പൗലൊസും ബർന്നബാസും ഞെട്ടലോടെ എതിർപ്പു പ്രകടിപ്പിച്ചത് ഒരു പ്രസംഗമായിരുന്നോ എന്നു ഞാൻ സംശയിക്കുന്നു![36] എങ്ങനെയായാലും, ഈ വാക്കുകളും മറ്റൊരു വിഗ്രഹാരാധികളുടെ അഥേനയിലെ ഒരു കൂട്ടത്തോട് പ്രസംഗിച്ചതും തമ്മിൽ സമാനതകളുണ്ട് (17:22–31). ഈ മുന്നു വാകൃങ്ങളിൽ, പൌലൊസും ബർന്നബാസും വിഗ്രഹാരാധക്കാരായ സദസ്യരെ എങ്ങനെ സമീപിച്ചു എന്ന് കാണിക്കുന്നു.

ആളുകൾ എവിടെയാകണമെന്ന് പഠിപ്പിക്കുന്ന ആൾ ആഗ്രഹിക്കുന്നിടത്തല്ല, പിന്നെയോ എവിടെയാണോ ആളുകൾ അവിടെയാണ് ആരംഭിക്കേണ്ടത്. പിസിദ്യയിലെ അന്ത്യോക്ക്യയിൽ പള്ളിയിൽ പൗലൊസ് പ്രസംഗിച്ചപ്പോൾ, അവന്റെ ഊന്നൽ പഴയനിയമതിരുവെഴുത്തുക ളിൽ ആയിരുന്നു (13:16–41). ലുസ്ത്രയിൽ, അവൻ അഭിമുഖീകരിച്ച ആളുകൾ തിരുവെഴുത്തുകൾ അറിയാത്തവരായിരുന്നു. ദൈവത്തിന്റെ എഴുതപ്പെട്ട വെളിപ്പാട് ആരംഭിക്കുന്നതിനു പകരം, ദൈവത്തിന്റെ പ്രാപഞ്ചികവെളിപ്പാടുമായിട്ടാണ്[37] ആരംഭിച്ചത്. ഇതിനർത്ഥം പൗലൊസും ബർന്നബാസും തിരുവെഴുത്തുകളെ അവഗണിച്ചു എന്നല്ല. അവരുടെ വാക്കുകൾ ബൈബിൾ ചിന്തയിലും തത്വത്തിലും വേരൂന്നിയതായിരുന്നു.

പുരുഷാരത്തിനു ചുറ്റും കാണാവുന്ന – പ്രകൃതിയുമായിട്ടാണ് മിഷണറിമാർ ആരംഭിക്കുന്നത് – അവർ എല്ലാം നിർമ്മിച്ചവനെ അവർക്കു പരിചയപ്പെടുത്തി: "ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ ജീവനുള്ള ദൈവം" (വാകൃങ്ങൾ 16; 17:30 നോക്കുക). ഇതിനർത്ഥം അവർ ചെയ്തതെല്ലാം വിഗ്രഹങ്ങളിലേക്ക് തിരിഞ്ഞതടക്കം ദൈവം അംഗീകിച്ചു എന്നല്ല (റോമർ 1:18–32). മറിച്ച്, യിസ്രായേലിനെ സഹായിച്ചതുപോലെ അവരെ സഹായിച്ചിരുന്നില്ല.

"എങ്കിലും," ഉപദേഷ്ടാക്കന്മാർ കൂട്ടിച്ചേർത്തു, "അവൻ നന്മ ചെയ്കയും ആകാശത്തു നിന്നു മഴയും ഫലപുഷ്ടിയുള്ളകാലങ്ങളും നിങ്ങൾക്കു തരികയും, ആഹാരവും സന്തോഷവും നല്കി നിങ്ങളെ തൃപ്തരാക്കുകയും ചെയ്തുപോന്നതിനാൽ തന്നെക്കുറിച്ചു സാക്ഷ്യം തരാതിരുന്നിട്ടില്ല" (വാക്യം 17). ജാതികൾക്കു പഴയനിയമ തിരുവെഴുത്തുകൾ ഉണ്ടായിരുന്നില്ലെങ്കിലും, അനുഗ്രഹങ്ങൾ (ആകാശത്തുനിന്നു മഴയും, ഫലപുഷ്ടിയുള്ള കാലാവസ്ഥയും, ആഹാരവും അവർ ആസ്വദിച്ചു) അവർ അനുഭവിച്ചതിനാൽ അവരുടെ മനസ്സുകൾ സത്യദൈവത്തിങ്കലേക്കു തിരിയണമായിരുന്നു (റോമർ 1:19, 20).[38]

ബർന്നബാസും പൗലൊസും നടത്തിയ വാദഗതി മുഴുവനും പുരുഷാരത്തിനു മനസ്സിലായില്ല. വാക്യം 18 പറയുന്നു, "അവർ ഇങ്ങനെ പറഞ്ഞു തങ്ങൾക്കു യാഗം കഴിക്കാതവണ്ണം പുരുഷാരത്തെ പ്രയാസത്തോടെ തടുത്തു." ചിലർ പറയുന്നതു പൗലൊസിന്റെ വാഗ്മിത്വം അവർ

ദേവന്മാരുടെ സന്ദേശവാഹകരാണെന്ന് ജനം ഉറപ്പിക്കുവാനിടയായി എന്നാണ്! എങ്ങനെയായാലും, ആ രണ്ടു പുരുഷന്മാർ അവരുടെ യാഗത്തെ തടയുന്നു എന്നവർ മനസ്സിലാക്കി.

ഉടനെ നടന്ന രംഗം മനസിലാക്കുവാൻ, നിങ്ങളെ ആ പുരുഷാരത്തിന്റെ സ്ഥാനത്തുകാണുക. ആ രണ്ടു സന്ദേശം വാഹകരിലും ഏറ്റവും ഉയർന്ന ആദരവു പ്രകടിപ്പിക്കാനാണ് അവർ കൂടിവന്നത്, എന്നാൽ അവരെ പിന്തിരിപ്പിച്ചിരിക്കയാണ്. ലജ്ജിതനായി, ഒരു പക്ഷേ ആ പുരോഹിതൻ അവിടെ നില്ക്കുന്നുണ്ടാകാം. ഈ അലങ്കരിച്ച കാളകളെ എന്തു ചെയ്യുമെന്ന് സംശയിച്ചു നില്ക്കുകയാകാം[39] നിലവിളിച്ച ആളുകളെ ഒന്നു സങ്കല്പിക്കുക. "ദേവന്മാർ മനുഷ്യരൂപത്തിൽ നമ്മുടെ അടുക്കൽ ഇറങ്ങി വന്നിരിക്കുന്നു" അവർ ആ പ്രദേശത്ത് നിന്ന് വേഗം പോയി, എന്നാൽ അവർ വിഢ്ഢികളെന്നപോലെ, തലകുനിച്ചു. പൗലൊസും ബർന്നബാസും ആ ദിവസം ആരുമായും സൗഹൃദബന്ധം ഉണ്ടാക്കിയില്ല.

ദൈവത്തിന്റെ വരം ലഭിച്ച ദാസന്മാരെ സൂത്രത്തിൽ കുടുക്കുവാനുള്ള പിശാചിന്റെ തന്ത്രമാണ് മുഖസ്തുതി. ഏതെങ്കിലും മേഖലയിൽ ഒരാൾ താലന്തുപയോഗിക്കുന്നതായി കാണപ്പെട്ടാൽ, ഉപദേശത്തിലും പ്രസംഗത്തിലും ആണെങ്കിലും അവന്റെ വിജയം സമ്മതിക്കത്തക്കതാണ് അവനെ പുകഴ്ത്തുകയും ചെയ്യും. അയാൾ ആ പുകഴ്ച്ച സ്വീകരിച്ചാൽ, അയാൾ തന്നെത്തന്നെ ഉയർത്തി ചിന്തിക്കാൻ തുടങ്ങുമെന്നു മാത്രമല്ല, ആളുകളെ കർത്താവിങ്കലേക്കു ആകർഷിക്കുന്നതിനു പകരം, തന്നിലേക്കു ആകർഷി ക്കാൻ ശ്രമിക്കും. മറിച്ചു, അയാൾ ആ പുകഴ്ച്ചയെ തള്ളിക്കളഞ്ഞാൽ, തനിക്കു നല്കിയ ആദരവിനെ അന്യമാക്കുന്നു എന്ന സാഹസമാണ് ചെയ്യുന്നത്.

നമ്മിൽ ആർക്കും പൗലൊസിന്റെ താലന്തില്ല, ബർന്നബാസിനെ ഇന്ദ്രൻ എന്നു വിളിച്ചതുപോലെയുള്ള പരീക്ഷണം നാം ആരും നേരിടുന്നുമില്ല. എന്നിരുന്നാലും, നമ്മിൽ മിക്കപേർക്കും ചെറിയ വിജയങ്ങൾ ഉണ്ട്. വില എന്തായാലും നമുക്കു ദൈവത്തിനു മഹത്വം കൊടുപ്പാൻ പഠിക്കാം.

### അപമാനം (14:19, 20)

കുറെ കഴിഞ്ഞു, "ഇക്കോന്യയിൽ നിന്നും അന്ത്യോക്യയിൽ നിന്നും യെഹൂദന്മാർ വന്നു" (വാക്യം 19). ആ ലജ്ജാവഹമായ യാഗസംഭവം നടന്ന ഉടനെ യെഹൂദന്മാർ വന്നു എന്നാണ് ഞാൻ ഊഹിക്കുന്നത്[40] – അവരുടെ മുഖം അപ്പോഴും വിളറി ചുവന്നിരിക്കും, തോന്നലുകൾ അങ്ങനെ തന്നെ, വികാരം ഉയർന്നിരിക്കയാണ്. യെഹൂദന്മാർ പൗലൊസിനേയും ബർന്നബാസിനേയും അന്ത്യോക്യയിൽ നിന്നു ഓടിക്കയും ഇക്കോന്യയിൽ വെച്ചുകല്ലെറയുവാൻ ശ്രമിക്കയും ചെയ്തതു ഓർക്കുമല്ലൊ. ഇപ്പോൾ ലുസ്ത്രയിൽ ആ യെഹൂദന്മാർ ആ രണ്ടു ഉപദേഷ്ടാക്കന്മാരെ പീഡിപ്പിക്കുന്നതിനാണ് വന്നിരിക്കുന്നത്.[41] (അന്ത്യോക്യയിൽ നിന്ന് അവർ നൂറു മൈലുകളിലധികം സഞ്ചരിച്ചാണ് എത്തിയത്!) വേട്ടക്കാരനായിരുന്ന, ശൗൽ പൗലൊസ് ആയപ്പോൾ, അവൻ വേട്ടയാടപ്പെടുന്നവനായി!

വാക്യം 19 പറയുന്നതു, അവർ എത്തിയശേഷം, അവർ "പുരുഷാരത്തെ വശത്താക്കി"[42] എന്നാണ്. മെക്ഗാർവെ അവരുടെ ഭോഷ്ക്കുകളും അർത്ഥ - സത്യങ്ങളും ഏതാണ്ട് ഇതുപോലെ ആയിരിക്കുമെന്നാണ്:

> ഞങ്ങളുടെ ദേശക്കാരായ ഈ രണ്ടു പുരുഷന്മാർ, ദേവന്മാർ മനുഷ്യരൂപത്തിൽ വന്നവരായിട്ട് നിങ്ങൾ എടുത്തിരിക്കുന്നതായാണ് ഞങ്ങൾ മനസിലാക്കുന്നതു. അവർ ആരാണെന്ന് ഞങ്ങൾ പറയാം. അവർ യെഹൂദന്മാരും അന്ത്യോക്ക്യയിൽ വന്ന് പട്ടണത്തിലെ എല്ലാ യെഹൂദന്മാർക്കുമിടയിൽ അവർ വേഷം മാറിയതുകൊണ്ട് മാന്യ സ്ത്രീകളും പട്ടണത്തിലെ മുഖ്യ പുരുഷന്മാരും അവർക്കെതിരായി എഴുന്നേല്ക്കയും അവരെ ദൂരെ ഓടിക്കയും, ചെയ്തു ... അവർ പിന്നെ ഇക്കോന്യയിൽ പോകുകയും, അത്തരം ശല്യം അവിടയും തുടർന്നതിനാൽ, യെഹൂദന്മാരുടേയും ജാതികളുടേയും സഹായത്താൽ, അവരെ കല്ലെറിയുവാൻ ഭാവിച്ചു, അപ്പോൾ അവർ കള്ളന്മാരെ പോലെ ഓടി ലൂസ്ത്രയിൽ വന്നു, ഞങ്ങൾ ഞങ്ങളുടെ നാമത്തെയും ദേശത്തെയും ഇനി ദുഷ്കീർത്തിപ്പെടുത്തുവാൻ ഇനി അവരെ അനുവദിക്കയില്ല. നിങ്ങളുടെ അനുവാദത്തോടെ ഈ ആഭിചാരത്തിനു ഞങ്ങൾ അറുതി വരുത്തും; അവർ ആളുകൾക്കിടയിൽ പ്രവർത്തിക്കുന്നതു അശുദ്ധാത്മക്കളെക്കൊണ്ടാണ്.[43]

മുകളിലെ വാദം അന്ധവിശ്വാസികളായ ആളുകളിൽ വലിയ സ്വാധീനമുണ്ടാക്കി. ലുസ്ത്രയിലെ ആളുകൾ, ദേവന്മാർ അവരുടെ ഇടയിൽ വന്നു എന്നു കേട്ടപ്പോൾ സന്തോഷാധിക്യത്തിലായിരുന്നു. എങ്ങനെയായാലും, ചിന്തിക്കുവാൻ, അശുദ്ധാത്മാവ് ലുസ്ത്രയിൽ വന്നു എന്നതു അവരെ ഭയചകിതരാക്കി.

പുരുഷാരത്തിൽ അനുകമ്പനേടിക്കൊണ്ടു, പുരുഷാരത്തെ ഇളക്കിയ ജനം പൗലൊസിനെ പിടിക്കാൻ ശ്രമിച്ചു.[44] ബർന്നബാസിനെ ലുസ്ത്രയിലുള്ളവർ നല്ല ആകാരഭംഗിയുള്ളവനാകയാൽ പ്രാമുഖ്യമുള്ളവനായി കരുതുന്നു., എന്നാൽ അന്ത്യോക്യയിൽ നിന്നും ഇക്കോന്യയിൽ നിന്നുമുള്ള യെഹൂദന്മാർ, തങ്ങളുടെ വിശ്വാസത്തിനു ഏറ്റവും അപകടകാരി പൗലൊസ് ആണെന്ന് അറിഞ്ഞിരിക്കുന്നു. മുൻപൊരിക്കൽ, അവർ അവനെ കല്ലെറിയാൻ ഒരുങ്ങിയതാണ്, പക്ഷേ അവൻ അവരുടെ കയ്ക്കുള്ളിൽ നിന്നു വഴുതിപ്പോയി (14:5, 6) ഈ സമയം അവർ ഒരു പക്ഷേ അവൻ ചന്തസ്ഥലത്തു പ്രസംഗിക്കുമ്പോൾ അവ നെ അതിശയിപ്പിച്ചേക്കാം. അവർ ഇത്തവണ അവന്നു ചുറ്റും ചാടി വീണ് കല്ലെറിയാൻ തുടങ്ങിക്കാണും എന്നു ഞാൻ വിചാരിക്കുന്നു.[45]

കല്ലുകൾ അവന്റെ മാംസപേശികളെ തുളച്ച് അസ്ഥികളിൽ തറച്ചപ്പോൾ പൗലൊസ് എന്തുവിചാരിച്ചിരിക്കും? വർഷങ്ങൾക്കുമുൻപ് സംഭവിച്ച ഒരു രംഗം, സംശയരഹിതമായി അവന്റെ മനസിലേക്കു ഓടി വന്നിരിക്കും: സ്തെഫാനൊസിന്റെ ജീവൻ ശരീരം വിട്ടുപോകുന്ന രംഗം. ഒരു പക്ഷേ അവൻ ചന്തിച്ചിരിക്കാം, "ഞാൻ ഇത്തരത്തിൽ മൃഗീയമായി

എങ്ങനെയാണ് മരിക്കുക – എത്രഅനുയോജ്യം."

ഒടുവിൽ, പൗലൊസിന്റെ നുറുങ്ങിയ ശരീരം രക്തത്തിൽ കിടക്കുകയാണ്. ആളുകൾ അപ്പൊസ്തലന്റെ പാദങ്ങളും കൈകാലുകളും പൊക്കി, ശരീരത്തെ പരുപരുത്ത വഴിയിലൂടെ, പൊടിയും അഴുക്കു നിറഞ്ഞ നടപ്പാതയിലൂടെ, വലിച്ചിഴച്ച് ടൗണിനു പുറത്തേക്കു എത്തിച്ചു. അവിടെ അവന്റെ ശരീരം ഇട്ടു[46] വന്യമൃഗങ്ങൾക്കും കഴുകന്മാർക്കും വിരുന്നിനായി. 19–ാം വാക്യത്തിന്റെ അവസാനം പറയുന്നു, "അവൻ മരിച്ചു എന്നു വിചാരിച്ചിട്ട് അവനെ പട്ടണത്തിനു പുറത്തേക്കു ഇഴെച്ചു കളഞ്ഞു."

നിങ്ങളിൽ ചിലർക്കു പൗലൊസിനെ തിരിച്ചറിയാൻ കഴിയും. നിങ്ങൾക്കും, ഇതുപോലെ, നിങ്ങൾ അറിയപ്പെടുന്ന ആളുകൾ ആരെങ്കിലും അവരുടെ മനസിൽ വിഷം കുത്തിവെക്കുന്നതുവരെ നിങ്ങളെ ആദരിക്കും; പിന്നെ അവർ നിങ്ങളെ അപമാനിക്കും – ഒരുപക്ഷേ ഭൗതികമാകാം, അല്ലെങ്കിൽ വൈകാരികമാകാം. അവർ ചിലപ്പോൾ അവരുടെ ജീവിതത്തിൽ നിന്നു നിങ്ങളെ "വലിച്ചിഴച്ചു" നിങ്ങളെ "മരിക്കുവാൻ" വിട്ടുകളയാം. അത്തരം സാഹചര്യത്തെ ഒരാൾ എങ്ങനെ നേരിടും? നാം തുടരുമ്പോൾ പൗലൊസ് എങ്ങനെ ഈ അപമാനത്തെ കൈകാര്യം ചെയ്തു എന്ന് എന്തെങ്കിലും സൂചന കാണിക്കുന്നുണ്ടോ എന്നു നോക്കുക.

കുറെ കഴിഞ്ഞ് ലുസ്ത്രയിലെ പുതിയക്രിസ്ത്യാനികൾ ശ്രദ്ധിച്ചു പട്ടണത്തിനു പുറത്തു വന്നു പൗലൊസിന്റെ ശരീരത്തിനു ചുറ്റും നിന്നു.[47] വേദഭാഗം നിസാരമായി പറയുന്നു "ശിഷ്യന്മാർ അവനെ ചുറ്റിനിന്നു" (വാക്യം 20). അവരുടെ ദു:ഖവും അനിശ്ചിതത്വവും ഊഹിക്കാൻ പ്രയാസമില്ല. ലൂക്കൊസ് ശിഷ്യന്മാരുടെ പേർ പറഞ്ഞിട്ടില്ല, എന്നാൽ അവരിൽ ലോവിസ് എന്ന, ഒരു വല്യമ്മ ഉണ്ടായിരുന്നേക്കാം. ഒരമ്മയായ യുനീക്കയും, ഒരു യുവാവ് തിമൊഥെയൊസും ഉണ്ടായിരുന്നേക്കാം.[48] പിന്നീട്, പൗലൊസ് തിമൊഥെയൊസിന്നു എഴുതിയപ്പോൾ പറയുന്നു, "... എന്റെ പ്രാർത്ഥനയിൽ രാവും പകലും ഇടവിടാതെ നിന്നെ സ്മരിച്ചു നിന്റെ കണ്ണുനീർ ഓർത്തും നിന്നെ കണ്ടു സന്തോഷപൂർണ്ണനാകുവാൻ വിചാരിച്ചു, ..." (2 തിമൊഥെയൊസ് 1:3, 4). ഒരു പക്ഷേ പതിനഞ്ചു വയസ്സായിരുന്ന ഒരാൺകുട്ടിയുടെ കണ്ണുനീരായിരിക്കും[49] രക്തം പുരണ്ട മുറിവേറ്റ തന്റെ ആത്മീയ നായകന്റെ ശരീരത്തിൽ വീണത്. യെഹൂദന്മാർ വിചാരിച്ചതുപോലെ, പൗലൊസ് മരിച്ചു കാണുമെന്ന് ശിഷ്യന്മാരും, വിചാരിച്ചു കാണും എന്നതിൽ സംശയമില്ല.

വാസ്തവമായി പൗലൊസ് മരിക്കയും, കർത്താവു അവനെ വീണ്ടും ജീവിതത്തിലേക്കു കൊണ്ടുവരികയും ചെയ്തതാണോ? നമുക്ക് അറിഞ്ഞുകൂടാ. ചിലർ വിചാരിക്കുന്നത് ഇതായിരുന്നു പൗലൊസ് "മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടത് എന്നാണ്" (2 കൊരിന്ത്യർ 12:2). അതു പുനരുത്ഥാനമായാലും, അല്ലെങ്കിലും, ആ സംഭവത്തിൽ ദൈവത്തിന്റെ ശക്തിനിറഞ്ഞുനില്ക്കുന്നു. പിറ്റേന്ന്, മരണവാതില്ക്കൽ കിടന്നിരുന്ന ഈ മനുഷ്യൻ അറുപതു – മൈൽ യാത്രക്കൊരുങ്ങി!

പുനർജീവിക്കപ്പെട്ടശേഷം പൗലൊസ് എന്താണ് ചെയ്തത്? വാക്യം 20 പറയുന്നു, "... അവൻ എഴുന്നേറ്റു പട്ടണത്തിൽ ചെന്നു ..."[50] പട്ടണത്തിൽ? അവിടെയായിരുന്നുവല്ലൊ അവന്റെ ശത്രുക്കൾ! അവിടെയാണ്

അവന്റെ ജീവിതം അവസാനിപ്പിക്കുവാൻ ആളുകൾ ശ്രമിച്ചത്! ഒരു പക്ഷേ തന്റെ ശത്രുക്കൾക്കു ചിലതു തെളിയിച്ചുകൊടുപ്പാനും പുതിയ ക്രിസ്ത്യാനികൾക്കു ചിലതു പ്രദർശിപ്പാനും പൗലൊസ് ആഗ്രഹിച്ചു കാണും. പൗലൊസ് പിന്നീട് തിമൊഥെയൊസിന്നു എഴുതി:

> ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, *ശക്തിയുടേയും* സ്നേഹത്തിന്റേയും സുബോധത്തിന്റേയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നതു. അതു കൊണ്ടു നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തേയും അവന്റെ ബദ്ധനായ എന്നെയും കുറിച്ചു; ലജ്ജിക്കാതെ സുവിശേഷത്തിനായി *ദൈവശക്തിക്കു* ഒത്തവണ്ണം നീയും എന്നോടുകൂടെ കഷ്ടം സഹിക്ക (2 തിമൊഥെയൊസ് 1:7, 8; എംഫസിസ്മൈൻ).

ഇതു തിമൊഥെയൊസിനു വെറും വാക്കുകൾ ആയിരുന്നില്ല; അവൻ പൗലൊസിന്റെ ജീവിതാനുഭവം നേരിട്ട് കണ്ടു ബോധ്യപ്പെട്ടവനാണ്.

ഒരിക്കൽ കൂടെ, ശിഷ്യന്മാരുടെ പ്രതികരണം ഊഹിക്കാൻ പ്രയാസമല്ല. സ്നേഹമുള്ള കൈകളുടെ ശുശ്രൂഷ പൗലൊസിന് രാത്രിമുഴുവൻ ഉണ്ടായിരുന്നു എന്നകാര്യത്തിൽ സംശയമില്ല, അവന്റെ മുറിവുകൾ കഴുകിക്കെട്ടിക്കാണും, അതിനിടയിൽ ആശ്വസിപ്പിക്കുന്ന പ്രബോധന വാക്കുകളുടെ ശബ്ദവും ഉണ്ടായിക്കാണും.[51] പിറ്റേന്നു രാവിലെ, സഹോദരന്മാരാലും ദൈവത്താലും ശക്തി പ്രാപിച്ചു, പൗലൊസും ബർന്നബാസും തെക്കുകിഴക്കുള്ള, ചെറിയ ടൗണായ ദെർബ്ബെക്കു ദീർഘയാത്ര നടത്തി (വാക്യം 20).

നമ്മുടെ പാഠം അവസാനിപ്പിക്കുന്നതിനു മുൻപു, തനിക്കു നേരിട്ട അപമാനത്തോട് പൗലൊസ് ചെയ്തതും ചെയ്യാതിരുന്നതുമായ പലകാര്യങ്ങൾ നമുക്കു നോക്കാം: ആദ്യം, തനിക്കു ലഭിച്ച ആദരവിൽ അവൻ അഹങ്കാരിയാകായിരുന്നതുപോലെ നേരിട്ട അപമാനത്തിൽ അവൻ കയ്പുള്ളവനും ആയില്ല. രണ്ടാമത്, അവൻ തന്നെ അപമാനിച്ചവരെ – ഉടനെ നേരിട്ടു. മൂന്നാമതു, അവൻ തന്റെ സഹോദരന്മാരെ വിശ്വസിച്ചു; അവനു അവരുമായി അടുത്തബന്ധമായിരുന്നു ഉണ്ടായിരുന്നത് നാലാമത്, അവൻ ജീവിതത്തെ വിട്ടുകളഞ്ഞില്ല; അവനു ദൈവം കൊടുത്ത ദൗത്യം അവൻ തുടർന്നു. അഞ്ചാമത്, തന്റെ സ്വന്ത ശക്തികൊണ്ട് അപമാനത്തെ അവൻ നേരിട്ടില്ല, എന്നാൽ ദൈവത്തിൽ ആശ്രയിച്ചു. അവൻ പിന്നീട് എഴുതി "അന്ത്യോക്യയിലും, ഇക്കോന്യയിലും, ലുസ്ത്രയിലും ... എനിക്കു സംഭവിച്ച ഉപദ്രവും കഷ്ടാനുഭവവും കണ്ടറിഞ്ഞിരിക്കുന്നു. അതിലെല്ലാറ്റിൽ നിന്നും *കർത്താവു* എന്നെ വിടുവിച്ചു!" (2 തിമൊഥെയൊസ് 3:11; എംഫസിസ്മൈൻ). അപമാനിക്കപ്പെടുകയും ദുരുപയോഗപ്പെടുകയും ചെയ്യുന്നവർക്ക് എല്ലാം പഠിക്കുവാൻ ഇവിടെ പാഠങ്ങളുണ്ട്.

**ഉപസംഹാരം**

പൗലൊസിനു ലഭിച്ച ആദരവിലും അപമാനത്തിലും പൗലൊസ് എങ്ങനെ നേരിട്ടു എന്ന "രഹസ്യ" ത്തിലേക്ക് ഞാൻ ഇതുവരെ കടന്നി

ട്ടില്ല – ജീവിതത്തിൽ എന്തു നല്ലതായാലും മോശമായാലും അത് വരുമ്പോൾ നിങ്ങൾ എങ്ങനെ നേരിടും. ഗലാത്യദേശത്തുള്ള സഭകൾക്ക്, പ്രത്യേകിച്ച് ലുസ്ത്രയിലെ സഭയ്ക്കു പൗലൊസ് എഴുതുമ്പോൾ ആ രഹസ്യം നല്കുന്നുണ്ട്: "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു, ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത്" (ഗലാത്യർ 2:20). പൗലൊസ് മരിച്ചു; ക്രിസ്തു അവനിൽ ജീവിച്ചിരുന്നു! മരിച്ച മനുഷ്യനെ അഹങ്കാരത്തോടെ കാണാൻ കഴിയുകയില്ല; മരിച്ച മനുഷ്യനെ അപമാനിച്ച് അവന്റെ സ്വാഭിമാനത്തെ വ്രണപ്പെടുത്താനും കഴിയുകയില്ല.

എന്റെ അനുഭവം സംയോഗ്യരല്ലാതിരിക്കുമ്പോൾ നമ്മെ പുകഴ്ത്തുകയും അർഹരല്ലാതിരിക്കുമ്പോൾ നമ്മെ അപമാനിക്കുകയുമാണ് ചെയ്യുന്നത്. അത്തരം സംഭവങ്ങളിൽ കൂടുതൽ ചിന്താകുലരാകാതെ നോക്കാനാണ് ഞാൻ ശ്രമിക്കുന്നത് (അവയെല്ലാം തുല്യമായിട്ടാണ് ഞാൻ കാണുന്നത്) എങ്കിൽ, എങ്ങനെയായാലും, നിങ്ങൾ അടിക്കടി പ്രശംസയിലും നിരാശയിലും ആകുലപ്പെടാനാണ് പതിവ്. ഒരുകാർഡിൽ ഗലാത്യർ 2:20 എഴുതി കയ്യിൽ കൊണ്ടു നടക്കുക. നിങ്ങളുടെ ചിന്തയിൽ പൗലൊസിന്റെ തത്വം നിങ്ങളുടെ ജീവിതത്തിൽ ആകുന്നതുവരെ അതെടുത്തു വായിച്ചു കൊണ്ടിരിക്കുക.

ദൈവേഷ്ടം ചെയ്യുന്നതിലാണ് യഥാർത്ഥ വിജയം ലഭിക്കുന്നതെന്നും ശരിയായ വില അവനോടുള്ള ബന്ധത്തിലാണ് ഉള്ളതെന്നും തിരിച്ചറിയാൻ നമ്മെ എല്ലാവരേയും സഹായിക്കട്ടെ. അവന്റെ ശക്തിയാൽ, ആദരിക്കലോ അപമാനിക്കലോ നമ്മെ ബാധിക്കാതിരിക്കാൻ നമുക്കു ശ്രമിക്കാം.

---

കുറിപ്പുകൾ

[1]ഇക്കോന്യ പിസിദ്യയിലായിരുന്നു; പിസിദ്യയുടെ അതിർത്തിക്കടുത്തായിരുന്നു അന്ത്യോക്ക്യ. [2]പൗലൊസിന്റെ ഒന്നും രണ്ടും മിഷണറിയാത്രയുടെ ചിത്രം നോക്കുക. [3]പ്രവൃത്തികൾ 16:1, 2 "ഒരു പുതിയ സംഘവും - കൂടുതലും" എന്ന പാഠം നോക്കുക. [4]യെഹൂദ്യന്മാർക്ക് ഒരു പള്ളി തുടങ്ങുവാൻ പത്തു പുരുഷന്മാർ വേണമായിരുന്നു. [5]"സംസാരിച്ചു" എന്ന 9-ാം വാക്യത്തിലെ ഗ്രീക്കുവാക്ക് തർജ്ജിമചെയ്തതു പ്രസംഗമായിട്ടല്ല പറയുന്നതു, സാധാരണ സംസാരമായിട്ടാണ്. പൗലൊസ് ഒന്നുകിൽ പ്രസംഗിക്കുകയോ അല്ലെങ്കിൽ ഓരോരുത്തരോട് - ആയി യേശുവിനെപ്പറ്റി പറഞ്ഞപ്പോഴായിരിക്കാം മുടന്തൻ കേട്ടുകൊണ്ടിരുന്നത്. [6]ആ മനുഷ്യന്റെ മനസിനും ശരീരത്തിനും രോഗമുണ്ടായിരുന്നു എന്നാൽ ചോദിക്കേണ്ടതില്ല. സെക്കോസെറ്റിക് രോഗം എന്നതിനെ കുറിച്ചറിയുവാൻ "ഒരു സൗഖ്യസംഭവം" എന്ന പ്രവൃത്തികൾ 1 ലെ കുറിപ്പുകൾ നോക്കുക. [7]ഈ രണ്ടു സൗഖ്യസംഭവങ്ങളിലും സമാനതകൾ ഉള്ളതുകൊണ്ട് ലൂക്കൊസ് പറയുന്നതു രണ്ടും ഒന്നുതന്നെയാണെന്നും പത്രൊസിനുണ്ടായിരുന്നകഴിവു പൗലൊസിനും ഉണ്ടായിരുന്നു എന്നു കാണിക്കുവാനാണ് ലൂക്കൊസ് ശ്രമിച്ചത് എന്നും ചിലർ കരുതുന്നു. രണ്ടു സംഭവങ്ങളിലും, എങ്ങനെയായാലും, താരതമ്യം ചെയ് താൽ സമാനതകളേ

ക്കാൾ കൂടുതൽ വ്യത്യാസങ്ങളാണെന്നുകാണാം. ലൂക്കൊസി ന്റെ ഒരു ഉദ്ദേശം പത്രൊസിന്റെ കഴിവ് പൗലൊസിനും ഉണ്ടായിരുന്നു എന്നു കാണിക്കുവാനായിരുന്നു എന്നതു വാസ്തവമാണ് വാസ്തവത്തിൽ നടന്ന കാര്യങ്ങൾ ആ ഉദ്ദേശം നിറവേറ്റുന്നതാണ്. അല്ലാതെ നിറവേറ്റുവാൻ വേണ്ടി എടുത്തതല്ല. [8]പൗലൊസ് അത്ഭുതകരമായി ആ മുടന്തന്റെ ഹൃദയത്തിലേക്കു നോക്കി എന്നല്ല ലൂക്കൊസ് പറഞ്ഞത്, പിന്നെയോ ആ മനുഷ്യന്റെ മുഖത്തെ വിശ്വാസം പൗലൊസ് വെറുതെ നോക്കുകയായിരുന്നു. [9]പ്രവൃത്തികൾ 1 ലെ "ഒരു സൗഖ്യസംഭവത്തിലെ" 3:3-5 ന്റെ കുറിപ്പുകൾ നോക്കുക. [10]ജെ.ഡബ്ലിയു.മെക്ഗാർവേ, ന്യൂകമെന്ററി ഓൺ ആക്ട്സ് ഓഫ് ദി അപ്പൊസ്തൽസ്, വാല്യം 2 (ഡിലൈറ്റ് ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി, n.d.), 40. (എംഫസിസ് ഹിസ്.)

[11]"അവന്റെ നാമത്തിൽ" എന്ന പാഠത്തിലെ 4:10, 12 എന്ന പ്രവൃത്തികൾ 1 ലെ കുറിപ്പുകൾ നോക്കുക. [12]ഇന്ദ്രൻ എന്ന വാക്കിന് ലാറ്റിൻ വാക്കായ "ജൂപ്പിറ്റർ" എന്നാണ് KJV യിൽ എങ്ങനെയായാലും ഗ്രീക്ക് വേദഭാഗത്തിൽ "ഇന്ദ്രൻ" എന്നാണ് "ജൂപ്പിറ്റർ" എന്നല്ല ഭൂഗർഭശാസ്ത്രജ്ഞന്മാർ ലുസ്ത്രയിലുള്ള ആളുകൾ ഇന്ദ്രനെയും ബുധനെയും, ആരാധിച്ചിരുന്നു എന്നു ഉറപ്പിച്ചിട്ടുണ്ട്. അതു ലാറ്റിൻ വാക്കല്ല, ഗ്രീക്ക് വാക്കിന്റെ ഉപയോഗം അനുസരിച്ചാണ്. [13]ബുധൻ എന്നതിന് ലാറ്റിൻ പേരായ "മെർക്കുറി" എന്നാണ് KJV യിൽ. [14]ബുധൻ (അല്ലെങ്കിൽ മെർക്കുറി) പൊതുവിൽ കാലിൽ ചിറകുള്ളവനായിട്ടാണ് വിവരിക്കുന്നത്. വേഗത്തിൽ ദേവന്മാരുടെ സന്ദേശം എത്തിക്കുവാനാണ്. ബുധനെ "ദേവന്മാരുടെ വ്യാഖ്യാനി" എന്നും അറിയപ്പെടുന്നു. അതായതു, ദേവന്മാർ പറയുന്നതിന്റെ അർത്ഥം എന്താണെന്നു പറയുക. ആ വ്യാഖ്യാനശാസ്ത്രത്തെ "അറിയപ്പെടുന്നതു" "ഹെർമന്യൂട്ടിക്സ്" എന്നാണ് (സാധാരണ ഈ വാക്ക് തിരുവചനവ്യാഖ്യാനത്തിനു ഉപയോഗിക്കുന്നുണ്ട്). [15]ഇതു ബർന്നബാസുമായും താരതമ്യം ചെയ്യുമ്പോഴും, പൗലൊസിന്റെ പ്രത്യക്ഷതയെ തിരുവെഴുത്തു പറയുന്നതും എല്ലാം ഉൾപ്പെടുത്തി അന്തർലീനമായിരിക്കുന്നതാണ്. [16]പിന്നീട് പ്രവൃത്തികളിൽ, മറ്റൊരു അന്ധവിശ്വാസമുള്ള ജനക്കൂട്ടം വന്ന് പൗലൊസിനെ ഇതേരീതിയിൽ കാണുന്നുണ്ട് (28:1-6). [17]കഴിഞ്ഞ കാലത്ത്, എല്ലാപ്രദേശവും ചേർത്ത് ഫ്രുഗ്യ എന്നു വിളിച്ചിരിക്കുന്നു. ഈ സമയത്ത്, ലുസ്ത്ര സ്ഥിതി ചെയ്തിരുന്ന സ്ഥലം അറിയപ്പെട്ടത് ഗലാത്യ എന്നായിരുന്നു. [18]റിച്ചാർഡ് ഓസ്റ്റർ, ദി ആക്ട്സ് ഓഫ് ദി അപ്പൊസ്തൽസ് ഭാഗം 2, ദി ലിവിങ്ങ് വേഡ് കമെന്ററി സീരീസ് (ആസ്റ്റിൻ. ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി, 1979), 26. [19]പുരാതന ലുസ്ത്രയിൽ നിന്നും കണ്ടെടുത്ത ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ അവരുടെ പരിശീലനത്തെ തെളിയിക്കുന്നു. [20]അവിടെ വാതിൽ, പട്ടണവാതിൽ ആണോ എന്ന് നമുക്കറിഞ്ഞുകൂടാ.

[21]എന്റെ യാത്രയിൽ, വിഗ്രഹാരാധികൾ യാഗം കഴിക്കുന്ന കൊത്തുപണികൾ ചെയ്തിരിക്കുന്നവയിൽ കാളകളേയും കഴുത്തിൽ പൂമാലകളെയും ഞാൻ കണ്ടിട്ടുണ്ട്. [22]ഈ മാലകൾ കമ്പിളിയോ മറ്റുവസ്തുക്കളോ കൊണ്ടും ഉണ്ടാക്കിയിരുന്നു. [23]ഈ പുരുഷന്മാരിൽ ഒരാളെ നാം 12-ാം അദ്ധ്യായം പഠിച്ചപ്പോൾ കണ്ടു: ഹെരോദാവ് അഗ്രിപ്പാവ് I. [24]4-ാം വാക്യത്തിലെപ്പോലെ അന്ത്യോക്ക്യാസഭ അയച്ച പൗലൊസിനെയും ബർന്നബാസിനെയും ആണ് ഇവിടെ "അപ്പൊസതലന്മാർ" എന്ന് പറഞ്ഞിരിക്കുന്നത്. പന്ത്രണ്ടു പേരെയല്ലാതെ മറ്റാരെയെങ്കിലും "അപ്പൊസ്തലന്മാർ" എന്നു ലൂക്കൊസ് 14-ാം അദ്ധ്യായത്തിലെ ഈ രണ്ടു വാക്യങ്ങളിലാണ്. [25]പ്രവൃത്തികൾ 13:13 നു ശേഷം "പൗലൊസിനെയും കൂട്ടരെയും" എന്നു പറഞ്ഞിരിക്കുന്നതു അപൂർവ്വമാണ്. പൗലൊസിനു മുൻപ് ലൂക്കൊസ് ബർന്നബാസിനെ പറയുന്നു. ബർന്നബാസിനെയാണ്, ഗ്രീക്കു ദേവന്മാരിൽ പ്രമുഖനായ ഇന്ദ്രനാ ക്കിയത്. [26]ഇതായിരുന്നു കാര്യമെന്നു അനേകം വ്യാഖ്യാതാക്കൾ കരുതുന്നു. ആളുകൾ ലൂക്കൊവോന്യയിൽ സംസാരിച്ചു എന്നു ലൂക്കൊസ് പറയാൻ കാരണവും ഇതാകാം. മറ്റു കാരണങ്ങൾ കൊണ്ടും, എങ്ങനെയായാലും ലൂക്കൊസ് പറയാൻ കാരണവും ഇതാകാം. മറ്റു കാരണങ്ങൾ കൊണ്ടും, എങ്ങനെയായാലും

ലൂക്കൊസ് പറഞ്ഞിരിക്കാം. പൗലൊസിനു അന്യഭാഷയിൽ സംസാരിക്കാനുള്ള വരം (1 കൊരിന്ത്യർ 14:18) മാത്രമല്ല, വ്യാഖ്യാനിക്കാനുള്ള വരം കൂടെ ഉണ്ടായിരുന്നു എന്നാണ് ഞാൻ കരുതുന്നത്. [27]"ദി ഗേറ്റ്സ്" എന്ന സൂചന (13-ാം വാക്യം) വീടിന്റേതാകാം. ചിലർ വിചാരിക്കുന്നതു ബർന്നബാസും പൗലൊസും താമസിച്ചിരുന്ന വീട്ടിൽ തിരിച്ചെത്തിയ പ്പോഴാണ് ജനക്കൂട്ടം അവിടെ എത്തിയത് എന്നാണ്. [28]ഈ ആചാരം ചുരുങ്ങിയതു യാക്കൊബിന്റെ കാലം മുതലുള്ളതാണ് (ഉല്പത്തി 37:29-34). ഉദാഹരണമായി, പരിഹാ സ്യഭീകരത്വം പ്രകടിപ്പിക്കുന്ന രീതി, മത്തായി 26:65 നോക്കുക. [29]മെക്ഗാർവേ, 43. യോവേൽ 2:13 നോക്കുക. [30]പ്രവൃത്തികൾ 10:26 നോക്കുക.

[31]"ഞങ്ങൾ സുവിശേഷം കൊണ്ടുവരികയാണ്" (NIV) ഒരു പക്ഷേ നല്ല തർജ്ജിമ യാണ് (RSV കൂടെനോക്കുക). ആ സമയത്തെ "സുവിശേഷം" അവരുടെ നിർജ്ജീവ ദേവന്മാരെ വിട്ടു ജീവനുള്ള ദൈവത്തെ ആരാധിക്കുക എന്നതാണ്. പിന്നീട് പൗലൊസ് അവരെ യേശുവിനെക്കുറിച്ചുള്ള "സുവിശേഷം" പഠിപ്പിക്കും. [32]പ്രവൃത്തികൾ 3:19 [33]"വ്യർത്ഥകാര്യങ്ങൾ" എന്നതു പഴയനിയമത്തിൽ വിഗ്രഹങ്ങളെ സൂചിപ്പിക്കുന്നതാണ് (സങ്കീർത്തനങ്ങൾ 31:6; യോഹന്നാൻ 2:8). "വ്യർത്ഥം" എന്നതിനർത്ഥം "ശൂന്യമായ" "വെറുതെ" എന്നാണ്. NIV യിൽ "വിലയില്ലാത്ത കാര്യങ്ങൾ" വിഗ്രഹങ്ങളുടെ നാശത്തെ കാണുവാൻ, യെശയ്യാവ് 44:9-20 വരെ നോക്കുക. [34]1 തെസ്സലൊനിക്യർ 1:9. [35]പ്രവൃത്തികൾ 17:26. [36]കഴിഞ്ഞ പാഠത്തിലെ, കുറിപ്പുകളിൽ, പൗലൊസിന്റെ പ്രതിരോ ധവും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ എന്നു ഞാൻ ശ്രദ്ധിച്ചു, പൗലൊസിന്റെ അഞ്ചു പ്രസംഗ ങ്ങൾ ലൂക്കൊസ് രേഖപ്പെടുത്തി. ഇതിനെ അഞ്ചിൽ ഒന്നായി ഞാൻ എണ്ണിയിട്ടില്ല. [37]ട്രൂത്ത് ഫോർ ടുഡെ നേരിട്ടു കിട്ടുന്ന നിരവധിപേർ ബൈബിൾ അറിഞ്ഞു കൂടാതെ ആളുകൾ വസിക്കുന്ന സ്ഥലത്താണ് താമസിക്കുന്നത്, അവരും, ആളുകളെ ഇത്തരത്തിൽ പഠിപ്പി ക്കാൻ തുടങ്ങണം. [38]ഇതു വാസ്തവത്തിൽ ഒരു പ്രസംഗം ആയിരുന്നെങ്കിൽ, പൗലൊസ് ഒരു പക്ഷേ ദൈവത്തിന്റെ കഴിഞ്ഞ കാല സാക്ഷ്യങ്ങളിൽ നിന്നു തുടങ്ങുമായിരുന്നു (പ്രപഞ്ചം) എന്നിട്ട് വർത്തമാനകാല സാക്ഷ്യത്തിലേക്കു വരും (പൗലൊസും മറ്റും ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ടത്). [39]"കാളകൾ" എന്ന വാക്ക് ബഹുവചനം ആകയാൽ, രണ്ടോ അതിലധികമോ ഉണ്ടായിരുന്നേക്കാം. [40]ലുസ്ത്രയിലെ ആളുകൾ ബർന്നബാസിനെയും പൗലൊസിനേയും ദേവന്മാർ എന്നു വിളിച്ചതിനും യെഹൂദന്മാർ അവിടെ എത്തിയതിനും ഇടക്കു പരിഗണിക്കത്തക്ക സമയം ഉണ്ടായിരുന്നു എന്നു ചിലർ കരുതുന്നു.

[41]ചിലർ കരുതുന്നതു ഈ വന്ന യെഹൂദന്മാർ വ്യാപാരികൾ ആണെന്നുംഅവർ ലുസ്ത്രയിൽ ധാന്യം വാങ്ങുവാൻ വന്നപ്പോഴാണ് യാദൃശ്ചികമായി പൗലൊസിനേയും ബർന്നബാസിനേയും കണ്ടതു എന്നു വിചാരിക്കുന്നവരും ഉണ്ട്. ഈ യെഹൂദന്മാർ പൗലൊസിനും ബർന്നബാസിനും പ്രത്യേകിച്ചു ബുദ്ധിമുട്ട് ഉണ്ടാക്കുവാൻ വന്നു എന്ന ആശയമാണ് ലൂക്കൊസ് വിട്ടിരിക്കുന്നത്. ഇതേ സാഹചര്യം നാം പിന്നീട് പ്രവൃത്തികൾ 17:13-ൽ കാണുന്നു. [42]പുരുഷാരം ആദരവിൽ നിന്നു കോപത്തിലേക്കു ചുരുങ്ങിയ സമ യത്തിനുള്ളിൽ നീങ്ങിയതു യേശുവിന്റെ ജീവിതത്തിൽ സംഭവിച്ചതുമായി പല സമാന തകൾ ഉണ്ട് (ലൂക്കൊസ് 4:22, 28). കൃത്യമായ ഉദാഹരണം ഞായറാഴ്ച്ച യേശുവിനു "ഹോശാനാ" പാടിയവർ വെള്ളിയാഴ്ച്ച അവനെ "ക്രൂശിക്ക" എന്നു നിലവിളിച്ചു. ഈ സംഭവങ്ങളുടെ ചിത്രീകരണം പുറപ്പാട് 23:2 മുന്നറിയിക്കുന്നു. [43]മെക്ഗാർവേ, 45. [44]എ ന്തുകൊണ്ടോ, ബർന്നബാസിനെയല്ല, പൗലൊസിനെയാണ് അവർ കല്ലെറിഞ്ഞത്. പുസ്ത കത്തിൽ, സാധ്യതക്കുള്ള ഒരു കാരണം ഞാൻ പറഞ്ഞു, പക്ഷേ വിശദീകരണം ലളിത മാണ്. ഒരു പക്ഷേ അവർക്കു ശൗലിനെ കാണാൻ കഴിഞ്ഞു, ബർന്നബാസിനെ കാണാൻ കഴിഞ്ഞില്ല. [45]കല്ലെറിയൽ യെഹൂദന്മാരുടെ ശിക്ഷാരീതി ആകയാൽ പുരുഷാരത്തെ അവ രായിരിക്കും നയിച്ചത്. എങ്ങനെയായാലും, ശ്രദ്ധിക്കുക, അവർ സ്തെഫാനൊസിനെ പട്ടണത്തിനു പുറത്തുകൊണ്ടുപോയി കല്ലെറിഞ്ഞു (7:58) മാന്യത ഇവിടെ അവർ കാണി ച്ചില്ല. [46]ഈ ആശയത്തെ അമേരിക്കയിൽ "ലൈക്ക് റോഡ്കിൽ" എന്നാണ് പറയുന്നത്.

[47]ഒരു പക്ഷേ ബർന്നബാസ് അവരോടൊപ്പം ഉണ്ടായിരുന്നേക്കാം. [48]പൗലൊസ് തിമൊഥൊയൊസിനെ പരിവർത്തനത്തിലേക്കു നയിച്ചു (1 തിമൊഥെയൊസ് 1:2). പൗലൊസ് രണ്ടാമത് ലുസ്ത്രയിൽ എത്തിയപ്പോഴേക്കും തിമൊഥെയൊസ് ഉപദേഷ്ടാവായിതീർന്നു കഴിഞ്ഞിരുന്നു (16:1, 2). പൗലൊസ് അവനെ തന്റെ ഒന്നാമത്തെ യാത്രയിൽ പരിവർത്തനം ചെയ്തതാകാം. അതേ സമയത്താകാം അവന്റെ അമ്മയേയും വലിയമ്മയേയും പരിവർത്തനം ചെയ്തത്. [49]മെക്ഗാർവേ അവന്റെ വയസ് പതിനഞ്ച് എന്നു കണക്കാക്കിയിരുന്നു. [50]വെസ്റ്റേൺ ടെക്സ്റ്റ് (റോമിൽ രണ്ടാം നൂറ്റാണ്ടിന്നും - നാലാം നുറ്റാണ്ടിനും ഇടക്കുണ്ടായിരുന്ന പുസ്തകം) സൂചിപ്പിക്കുന്നത് പൗലൊസ് വെകുന്നേരമാണ് പട്ടണത്തിൽ പോയത് എന്നാണ്.

[51]യൂനിക്കയുടെ വീട്ടിൽ പൗലൊസ് ആ രാത്രി ചെലവഴിച്ചു എന്നു പറയപ്പെടുന്നുണ്ട്.

---

### "സുവിശേഷീകരണ അധികാരം"?

പ്രവൃത്തികൾ 14:23-ൽ ഗലാത്യ സഭകളിൽ പൗലൊസും ബർന്നബാസും മൂപ്പന്മാരെ "നിയമിച്ചു" പാഠത്തിൽ ശ്രദ്ധിച്ചതുപോലെ ഇതു ഒരു പക്ഷെ "ദൈവം ചെയ്തതു എല്ലാം" എന്ന പാഠത്തിലുള്ളതുപോലെ നായകന്മാരെ തിരഞ്ഞെടുക്കുന്നതിനെ സൂചിപ്പിക്കുകയായിരുന്നില്ല, പക്ഷേ ശുശ്രൂഷനിയമനം ആണ്. നമുക്കുള്ള പരിമിതമായ വിവരങ്ങളിൽ, പുതിയ മൂപ്പന്മാരെ തിരഞ്ഞെടുക്കുന്നതിൽ സുവിശേഷകന്മാർക്ക് (ഉപദേഷ്ടാക്കന്മാർക്ക്) നയിക്കുന്ന ഒരു പങ്ക് കാണപ്പെടുന്നത് (പ്രവൃത്തികൾ 6:6; 14:23; 1 തിമൊഥെയൊസ് 5:22; തിത്തൊസ് 1:5). അതുകൊണ്ട്, ചിലർ, മൂപ്പന്മാരെ നിയമിക്കുന്ന സുവിശേഷകന്മാർക്കു അവരുടെമേൽ അധികാരമുണ്ട് എന്നും കരുതുന്നു ഈ കരുതലിനു യാതൊരു അടിസ്ഥാനവുമില്ല. ഗവൺമെന്റ് ഉദ്യോഗസ്ഥനാകുന്നയാൾ പുതിയ പ്രസിഡന്റിന്റെ മേലോ ഗവർണ്ണറുടെ മേലോ അധികാരമില്ല നാം പ്രവൃത്തികൾ 20:28 വായിക്കുമ്പോൾ മൂപ്പന്മാർക്കാണ് - അല്ലാതെ സുവിശേഷകന്മാർക്കല്ല ആട്ടിൻ കൂട്ടത്തിന്മേൽ (ഇടവകയിൽ) അധികാരമുളളത്. മറ്റെല്ലാ അംഗങ്ങളെപ്പോലെ തന്നെ സുവിശേഷകന്മാരും മൂപ്പന്മാരോട് ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു. സുവിശേഷകന്മാർക്കുളള ഏക "അധികാരം" "വചനം പ്രസംഗിക്കുക" എന്നതാണ് (2 തിമൊഥെയൊസ് 4:2).